**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6135** **09-11-2021 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷൻ പ്രാവർത്തികമാകുന്നതോടെ പൊതു കുടിവെള്ള ടാപ്പുകൾ നിർത്തലാക്കുമെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇപ്രകാരം പൊതു ടാപ്പുകൾ നിർത്തലാക്കുകയാണെങ്കിൽ വകുപ്പിനുണ്ടാകുന്ന ലാഭ, നഷ്ടങ്ങളെക്കുറിച്ച് വെളിപ്പെടുത്തുമോ; | (ബി) | ഗ്രാമീണ പൊതു കുടിവെള്ളടാപ്പുകൾ നിർത്തലാക്കിയാൽ പ്രതിവർഷം ഏകദേശം 67.48 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് നഷ്ടം ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. |
| (സി) | ജലജീവൻ മിഷൻ വഴി കുടിവെള്ളം ലഭിക്കുന്നതിന് ഉപഭോക്താക്കൾ പ്രത്യേകമായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോ; ഇതിനുള്ള മാനദണ്ഡം വിശദമാക്കുമോ; | (സി) | ഗ്രാമീണ മേഖലയിൽ ജല ജീവൻ മിഷൻ പദ്ധതിയിലൂടെ സൗജന്യ കുടിവെള്ള കണക്ഷൻ നൽകുന്നതിന് 'കണക്ഷൻ അറ്റ് സ്പോട്ട് ' എന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാനത്ത് ജലജീവൻ മിഷൻ വഴി ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിനു ഉപഭോക്താവ് ആഫീസിൽ നേരിട്ട് ഹാജരാകുകയോ അപേക്ഷ/ പ്ലാൻ എന്നിവ സമർപ്പിക്കുകയോ ചെയ്യേണ്ടതില്ല. ജലജീവൻ മിഷൻ വഴി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കിയിട്ടുണ്ട്. കണക്ഷൻ നല്കുന്നതിനാവശ്യമായ തിരിച്ചറിയൽ രേഖ (ആധാർ / രജിസ്ട്രേഡ് മൊബൈൽ നമ്പർ) ബന്ധപ്പെട്ട കേരള വാട്ടർ അതോറിറ്റി / ജലനിധി (KRWSA) / ഭൂജല വകുപ്പ് ഉദ്യോഗസ്ഥർ ഉപഭോക്താക്കളുടെ വീട്ടുകളിലെത്തി നേരിട്ട് പരിശോധിച്ച് പ്രസ്തുത വിവരങ്ങൾ കേരള വാട്ടർ അതോറിറ്റി ഇതിനായി വികസിപ്പിച്ചിട്ടുള്ള മൊബൈൽ ആപ്പിൽ രേഖപ്പെടുത്തി കണക്ഷൻ നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ കണക്ഷൻ നൽകിക്കഴിഞ്ഞാൽ പ്രസ്തുത കണക്ഷൻ ആധാർ നമ്പർ സഹിതം നൂതന സാങ്കേതിക വിദ്യ വഴി മൊബൈൽ അപ്ലിക്കേഷൻ ഉപയോഗിച്ച് ജിയോ-ടാഗ് ചെയ്യുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിക്കായി സംസ്ഥാന സർക്കാർ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും കേന്ദ്ര വിഹിതം എത്രയെന്നും അറിയിക്കുമോ? | (ഡി) | നടപ്പ സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ കേന്ദ്ര വിഹിതമായി കേരളത്തിന് 1804.59 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ 800 കോടി രൂപ പദ്ധതിനിർവഹണത്തിനായി ഈ സാമ്പത്തിക വർഷം വകയിരുത്തിയിരുന്നു. (കേന്ദ്ര-സംസ്ഥാന വിഹിതം 400 കോടി രൂപ വീതം). പദ്ധതി നിർവഹണത്തിനായി നാളിതുവരെ കേന്ദ്ര - സംസ്ഥാന വിഹിതമായി ആകെ 902.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. . (കേന്ദ്ര വിഹിതമായി 451.15 കോടി രൂപയും സംസ്ഥാന വിഹിതമായി 451.15 കോടി രൂപയും) |

സെക്ഷൻ ഓഫീസർ